REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 04-01-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **രാജ്യത്തെ ഗ്രാമങ്ങളെ വളർച്ചയുടെയും അവസരങ്ങളുടേയും ഊർജ്ജസ്വല കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലാമാമാങ്കം - സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരത്ത് തുടക്കമായി.**
- **RTO ഓഫീസുകളിൽ ഉച്ചവരെ പരാതികൾ സ്വീകരിക്കണമെന്നും ഉച്ചയ്ക്ക് ശേഷം ഫയലുകൾ തീർപ്പാക്കണമെന്നും മന്ത്രി KB ഗണേഷ് കുമാർ.**
- **ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന്റെ സീസൺ നാലിന് തുടക്കമായി.**
- **സിഡ്നിയിൽ ബോർഡർ ഗവാസ്കർ ട്രോഫി അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ പൊരുതുന്നു.**

## വാർത്തകൾ വിശദമായി

രാജ്യത്തെ ഗ്രാമങ്ങളെ വളർച്ചയുടെയും അവസരങ്ങളുടേയും ഊർജ്ജസ്വല കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. 2014-ൽ അധികാരത്തിൽ എത്തിയപ്പോൾ മുതൽ ഗ്രാമീണ ജനതയ്ക്ക് മാന്യമായ ജീവിതം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തുടർച്ചയായി ശ്രമിച്ചുവരികയാണ്. എല്ലാ ഗ്രാമങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്ന യത്നമാണ് ഇതിൽ പ്രധാനമായും നടപ്പാക്കുന്നത്.

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയിൽ മൂന്ന് ലക്ഷം കോടി രൂപ നൽകുന്നത് ഗ്രാമസമൂഹങ്ങളെ സ്വയംപര്യാപ്തമാക്കാനാണെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഗ്രാമീണ ഭാരത് മഹോത്സവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സ്വച്ഛ് ഭാരത് അഭിയാൻ, PM ആവാസ് യോജന, ജൽ ജീവൻ മിഷൻ എന്നീ പദ്ധതികളുടെ എല്ലാം ലക്ഷ്യം ഗ്രാമങ്ങളുടെ വികസനമാണ്. ലക്ഷക്കണക്കിന് ഗ്രാമങ്ങളിൽ ശുദ്ധമായ കുടിവെള്ളമെത്തിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ഒന്നരലക്ഷത്തിലേറെ ആയുഷ്മാൻ ആരോഗ്യ മന്ദിരങ്ങൾ വഴി ഗ്രാമീണ ജനതയ്ക്ക് ആരോഗ്യ സേവനങ്ങൾ എത്തിക്കഴിഞ്ഞു. PM ഫസൽ ബീമാ യോജന ഒരു വർഷത്തേക്ക് കൂടി കൂട്ടാൻ തീരുമനിച്ചതും ഇതിന്റെ ഭാഗമാണ്.

വികസിത ഭാരതം 2047-നായി ഗ്രാമീണ മേഖലയെ ശാക്തീകരിക്കുക എന്നതാണ് ഇന്ന് ആരംഭിച്ച ആറു ദിവസത്തെ മഹോത്സവത്തിന്റെ പ്രമേയം. കേന്ദ്രമന്ത്രി നിർമല സീതാരാമൻ ചടങ്ങിൽ അധ്യക്ഷ ആയിരുന്നു.

✪✪✪

ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലാമാമാങ്കം - സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരത്ത് തുടക്കമായി. സെൻട്രൽ സ്റ്റേഡിയത്തിലെ MT -നിള വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്തു. മന്ത്രി V ശിവൻകുട്ടി അധ്യക്ഷനായിരുന്നു.

സ്കൂൾ കലോത്സവചരിത്രത്തിൽ ആദ്യമായി തദ്ദേശീയ ജനതയുടെ അഞ്ച് നൃത്തരൂപങ്ങൾ കൂടി മത്സരയിനങ്ങളിൽ ഉൾപ്പെടുത്തിയതിനാൽ പ്രാക്തന കലകളുടെയും ക്ലാസിക് കലകളുടെയും സംഗമവേദിയാവുകയാണ് കലോത്സവമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കലാ- സാഹിത്യ രംഗത്തെ ബഹുമുഖ പ്രതിഭയായിരുന്ന M.T വാസുദേവൻ നായർ വിടവാങ്ങിയ വർഷമാണ് കടന്നുപോയതെന്നും എല്ലാ വർഷവും അദ്ദേഹത്തിന്റെ കലാസൃഷ്ടികൾക്ക് വ്യത്യസ്ത വ്യാഖ്യാനങ്ങൾ ഉണ്ടാകുന്ന വേദിയാണ് സ്കൂൾ കലോത്സവമെന്നും പിണറായി വിജയൻ അഭിപ്രായപ്പെട്ടു. വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല ദുരന്തം ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പ്രത്യേകം പരാമർശിച്ചു.

.........ഓഡിയോ.......മുഖ്യമന്ത്രി......

കലോത്സവ വേദികളിൽ മാറ്റുരച്ച നിരവധി പ്രതിഭകൾ കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിൽ പിന്നീട് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആ പാരമ്പര്യം ഉൾക്കൊണ്ടുവേണം ഈ കലോത്സവങ്ങളിൽ പങ്കെടുക്കാൻ.

ജീവിതദുരന്തങ്ങളെ അഭിമുഖീകരിക്കുമ്പോൾ പോലും ജീവിതം ഒരു ഉത്സവമാക്കുന്നതിനെ കുറിച്ച് സ്വപ്നങ്ങൾ മനസ്സിൽ സൂക്ഷിക്കുന്നവരാണ് മനുഷ്യർ. അത്തരം സ്വപ്നങ്ങളാണ് വലിയ ജനകീയ വിപ്ലവങ്ങൾക്കും സാമൂഹ്യവ്യവസ്ഥാ മാറ്റങ്ങൾക്കും വഴിവെച്ചതെന്നും പിണറായി പറഞ്ഞു.

കലോത്സവങ്ങൾ സംഘടിപ്പിക്കുന്നത് മനുഷ്യരിലെ പരസ്പര സ്നേഹവും സാഹോദര്യവും സഹവർത്തിത്വവും ഐക്യവും ഊട്ടിയുറപ്പിക്കാനാണ്. ചിലപ്പോഴെല്ലാം കലോത്സവ വേദികൾ കിടമത്സരങ്ങളുടെയും തർക്കങ്ങളുടെയും വേദിയാകാറുണ്ട്. ഇത്തവണ അതുണ്ടാവാതെ ഇരിക്കാൻ എല്ലാവരും ശ്രമിക്കണം എന്ന് മുഖ്യമന്ത്രി പറഞ്ഞു.

വയനാട് ദുരന്ത അതിജീവനത്തിന്റെ ഭാഗമായി വെള്ളാർമല GHSS.ലെ കുട്ടികളുടെ സംഘനൃത്തവും സ്വാഗത ഗാനത്തിന്റെ നൃത്താവിഷ്കാരവും ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി നടന്നു. ഉദ്ഘാടന സമ്മേളനത്തിനുശേഷം ഒന്നാംവേദിയിൽ ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ മോഹിനിയാട്ടം മത്സരം ആരംഭിച്ചു.

ആദ്യ ദിവസമായ ഇന്ന് 24 വേദികളിലായി 40 ഓളം മത്സരങ്ങളാണ് അരങ്ങേറുന്നത്. നാളെ മുതൽ 25 വേദികളിലാകും മത്സരങ്ങൾ നടക്കുക.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി പുത്തരിക്കണ്ടം മൈതാനിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഒരുക്കിയ കലാ, കായിക ഫോട്ടോ പ്രദർശനം മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. നവംബറിൽ കൊച്ചിയിൽ നടന്ന കായിക മേളയിൽ നിന്ന് പ്രസ് ഫോട്ടോഗ്രാഫർമാർ പകർത്തിയ ചിത്രങ്ങളും പത്രങ്ങളുടെ പേജുകളുമാണ് പ്രദർശിപ്പിക്കുന്നത്.

✪✪✪

RTO ഓഫീസുകളിൽ ഉച്ചവരെ പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കണമെന്നും ഉച്ചയ്ക്ക് ശേഷം ഉദ്യോഗസ്ഥർ ഫയലുകൾ തീർപ്പാക്കണമെന്നും മന്ത്രി KB ഗണേഷ് കുമാർ നിർദേശിച്ചു. ഒരു ഫയലും അഞ്ച് ദിവസത്തിൽ കൂടുതൽ പിടിച്ച് വെക്കാൻ പാടില്ലെന്നും ഫയൽ പിടിച്ചുവെച്ചാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്നും ഇത് മന്ത്രിക്കും ബാധകമാണെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

തിരുവമ്പാടി KSRTC ബസ് അപകടത്തിൽ മരിച്ചവരുടെ ഇൻഷുറൻസ് തുക മന്ത്രി KB ഗണേഷ് കുമാർ ഇന്ന് തിരുവമ്പാടി ആനക്കാംപോയിലിൽ മരിച്ചവരുടെ വീട്ടിലെത്തി കൈമാറും.

MLA ഫണ്ട് ഉപയോഗിച്ച് നിർമിക്കുന്ന പുതിയ KSRTC ഡിപ്പോ സന്ദർശിച്ചതിന് ശേഷം മന്ത്രി ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി.

✪✪✪

ആഗോളതലത്തിൽ  വൈറൽ പനിയും ശ്വാസകോശ രോഗങ്ങളും പകരുന്ന സാഹചര്യം വിലയിരുത്തി വരികയാണെന്ന്  മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് അറിയിച്ചു. മാരകമായ പകർച്ചവ്യാധികളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും സംസ്ഥനത്തും ജാഗ്രത പുലർത്തുന്നത് നന്നായിരിക്കുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ഗർഭിണികളും മുതിർന്ന പൗരന്മാരും ഗുരുതര രോഗം ബാധിച്ചവരും മാസ്ക് ധരിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കൊച്ചിയിലെ മുനമ്പത്തെ തർക്ക ഭൂമി ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റിസ് CN രാമചന്ദ്രൻ നായർ സന്ദർശിച്ചു. ആദ്യായാണ് കമ്മീഷന്റെ മുനമ്പം സന്ദർശനം. താമസക്കാരുടെ രേഖകൾ പരിശോധിക്കുമെന്നും വഖഫ് ബോർഡിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുമെന്നും അദ്ദേഹം പറഞ്ഞു. എല്ലാ കക്ഷികൾക്കും പറയാനുള്ളത് കേൾക്കും, കഴിവതും  ഈ മാസം അവസാനമോ അടുത്തമാസം ആദ്യമോ സിറ്റിംഗ് ആരംഭിക്കുമെന്നും ജസ്റ്റിസ് രാമചന്ദ്രൻ നായർ പറഞ്ഞു.

✪✪✪

കൊച്ചിയിൽ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഉമാ തോമസ് MLA  അപകട ഘട്ടം തരണം ചെയ്തതായി ഡോക്ടർമാർ അറിയിച്ചു. വെന്റിലേറ്ററിൽ നിന്ന് മാറ്റുന്ന കാര്യം ആരോഗ്യസ്ഥിതി വിലയിരുത്തിയ ശേഷം തീരുമാനിക്കും.

അതിനിടെ കൊച്ചിയിൽ GCDA എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലേക്ക് യൂത്ത് കോൺഗ്രസ് പ്രവർത്തകർ തള്ളിക്കയറാൻ ശ്രമിച്ചു. ചട്ടം ലംഘിച്ചാണ് ജവഹര് ലാൽ നെഹ്റു സ്റ്റേഡിയം നൃത്ത പരിപാടിക്ക് വിട്ടുകൊടുത്തതെന്ന് ആരോപിച്ചായിരുന്നു പ്രതിഷേധം.

✪✪✪

ആണവോർജ്ജ കമ്മീഷൻ മുൻ  ചെയർമാനും ആണവ ശാസ്ത്രജ്ഞനുമായ ഡോ. R. ചിദംബരം മുംബൈയിൽ  അന്തരിച്ചു. 89 വയസ്സായിരുന്നു. പൊക്രാൻ ആണവ പരീക്ഷണത്തിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

✪✪✪

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന്റെ സീസൺ നാലിന് തുടക്കമായി. ജല കായിക ഇനങ്ങളും ഭക്ഷ്യമേളയും പട്ടം പറത്തൽ മേളയും ഡ്രോൺ ഷോയും സംഗീത കലാപരിപാടികളും അരങ്ങേറുന്ന ഫെസ്റ്റ് സംസ്ഥാന വിനോദ സഞ്ചാര വകുപ്പും ജില്ലാ ഭരണകൂടവും DTPC യും ചേർന്നാണ് സംഘടിപ്പിക്കുന്നത്. ബേപ്പൂരിൽ മറീന ബീച്ച്, ബ്രേക്ക് വാട്ടർ, പുലിമുട്ട്, ബേപ്പൂർ തുറമുഖം, ചാലിയം ബീച്ച് എന്നിവിടങ്ങളിലാണ് പരിപാടികൾ. ഫെസ്റ്റിന്റെ രണ്ട് ദിവസങ്ങളിലും രാവിലെ ഒമ്പത് മുതൽ അഞ്ച് വരെ കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടെയും കപ്പലുകൾ ബേപ്പൂർ തുറമുഖത്ത് പ്രദർശനം ഒരുക്കിയിട്ടുണ്ട്. ഭക്ഷ്യമേള ബേപ്പൂർ പാരിസൺസ് കോംപൗണ്ടിൽ തുടരുകയാണ്.

✪✪✪

സിഡ്നിയിൽ ബോർഡർ ഗവാസ്കർ ട്രോഫി അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ പൊരുതുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 6 വിക്കറ്റ് നഷ്ടത്തിൽ 132 റൺസ് എടുത്തിട്ടുണ്ട്.

നേരത്തെ ഓസ്ട്രേലിയ ആദ്യ ഇന്നിംഗ്സിൽ 181 റൺസിന് പുറത്തായിരുന്നു.

✪✪✪

കണ്ണൂർ വളപട്ടണംപാലം - പാപ്പിനിശ്ശേരി റോഡിൽ ഗതാഗത പരിഷ്കാരം നിലവിൽ വന്നതോടെ ദേശീയ പാതയിലെ രൂക്ഷമായ ഗതാഗതക്കുരുക്കിന് ആശ്വാസമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ...

.......(വോയ്സ്).......

പരിഷ്കാരം അനുസരിച്ച് കണ്ണൂർ ഭാഗത്തു നിന്ന് തളിപ്പറമ്പ് ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ വളപട്ടണം പാലം പഴയങ്ങാടി റൂട്ടിലേക്ക് കയറി കോട്ടൻസ് റോഡ് വഴി ചുങ്കം പാപ്പിനിശ്ശേരി വഴിയാണ് തളിപ്പറമ്പ് ഭാഗത്തേക്ക് പോകുന്നത്. പഴയങ്ങാടി ഭാഗത്തുനിന്ന് വരുന്ന വാഹനങ്ങൾ കണ്ണൂരിലേക്ക് പോവാനും തളിപ്പറമ്പിലേക്ക് പോവാനും കോട്ടൻസ് റോഡ് വഴി ചുങ്കത്ത്നിന്ന് ദേശീയപാതയിലേക്ക് കയറണം. കണ്ണൂരിൽ നിന്ന് പഴയങ്ങാടിയിലേക്കും തളിപ്പറമ്പ് നിന്ന് കണ്ണൂരിലേക്കുമുള്ള വാഹനങ്ങൾ നേരത്തെയുള്ള സംവിധാനം തന്നെയാണ് പ്രയോജനപ്പെടുത്തുന്നത്.

പരീക്ഷണാടിസ്ഥാനത്തിൽ പരിഷ്കാരം നിലവിൽ ഈമാസം എട്ട് വരെ നടപ്പിലാക്കാനാണ് തീരുമാനം. തുടർന്ന് ഇത് നിരന്തരമായി വിലയിരുത്തി,

വിജയമാണെങ്കിൽ തുടരും. ഇന്നലെ കെ. വി സുമേഷ് എംഎൽഎയുടെ അധ്യക്ഷതയിൽ പോലീസും ആർടിഒയും പങ്കെടുത്ത യോഗത്തിലാണ് രൂക്ഷമായ ഗതാഗതക്കുരുക്ക് ഉണ്ടാവാറുള്ള വളപട്ടണം പാലത്തിന് മുകളിലും പുതിയതെരുവിലും പാപ്പിനിശ്ശേരി പാലത്തിലും കുരുക്ക് അഴിയുന്നതായി വിലയിരുത്തിയത്.

✪✪✪

ഇന്ന് ലോക ബ്രെയിൽ ദിനം.

കാഴ്ച പരിമിതർക്ക് കാര്യക്ഷമമായ ആശയ വിനിമയം സാധ്യമാക്കാനും അതിലൂടെ മനുഷ്യാവകാശം പൂർണതയിലെത്തിക്കാനും ലക്ഷ്യമിട്ട് 2018 മുതലാണ് ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാനപ്രകാരം ജനുവരി 4 ആഗോള ബ്രെയിൽ ദിനമായി ആചരിക്കുന്നത്.

✪✪✪

എഴുപത്തഞ്ചാം വയസ്സിലേക്ക് കടക്കുന്ന ആകാശവാണി കോഴിക്കോട് നിലയത്തിൽ പ്രവർത്തിച്ച എഞ്ചിനിയറിങ്ങ് ജീവനക്കാരുടെ സംഗമം സ്മൃതി തരംഗം ആകാശവാണി കോഴിക്കോട് എൻജിനീയറിംഗ് ഡയറക്ടർ ഗോഡ്വിൻ ജ്ഞാനരാജ് ഉദ്ഘാടനം ചെയ്തു. അസി. എഞ്ചിനിയറിംഗ് ഡയറക്ടർ CV പ്രേമരാജൻ അധ്യക്ഷനായിരുന്നു. K. സുബൈർ, P. പ്രേമൻ, ആകാശവാണി ലിസണേഴ്സ് & ആർട്ടിസ്റ്റ് അസോസിയേഷൻ പ്രതിനിധി R. ജയന്ത് തുടങ്ങിയവർ പ്രസംഗിച്ചു.

✪✪✪

*News Editor: സുരേഷ് വി കെ*
*News Reader: അനുഷ ആത്മപ്രകാശ്*
*News Reader: അനിൽ ചന്ദ്രൻ*
*DEO : സുബോധ് സി കെ*